Draft #9 of File 6262/AD A1/1/2019/AD A 1 Approved by ASSISTANT REGISTRAR I ADMINISTRATION on 05-Apr-2019 10:47 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം - സർവ്വകലാശാലാ വൈസ് ചാൻസിലർ, രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവരുടെ ഔദ്യോഗിക പദവി - രേഖപ്പെടുത്തുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 1456/AD A 1/2019/എം.ജി.യു പി.ഡി. ഹിൽസ്,തീയതി: 05.04.2019

---

പരാമർശം:-03.04.2019-ലെ വൈസ് ചാൻസിലറുടെ കുറിപ്പ് നമ്പർ വി.സി.702/02/38/2019

**ഉത്തരവ്**

സർവ്വകലാശാലാ വൈസ് ചാൻസിലർ, രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നീ ഔദ്യോഗിക പദവികൾ വഹിക്കുന്ന ഉദ്യോഗസ്ഥർ പൂർണ്ണ അധിക ചുമതലയോടെ ടി തസ്തികകളിൽ തുടരുകയാണ്. സർവ്വകലാശാലാ ഫയലുകളിലും ഔദ്യോഗിക കത്തിടപാടുകളിലും വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ, രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന അസോസിയേറ്റ് പ്രൊഫസർ തുടങ്ങിയ രീതിയിലാണ് ഇപ്പോൾ ടി ഉദ്യോഗസ്ഥരെ സംബോധന ചെയ്യുന്നത്. ബഹുമാനപ്പെട്ട ചാൻസിലറുടെ ഓഫീസിൽ നിന്നുള്ള കത്തിടപാടുകളിലും സർക്കാർ വകുപ്പുകളിൽ നിന്നുള്ള കത്തിടപാടുകളിലും വൈസ് ചാൻസിലറുടെ ഔദ്യോഗിക സ്ഥാനം "വൈസ് ചാൻസിലർ (i/c)" എന്നാണ് രേഖപ്പെടുത്തി വരുന്നത്. ആയതിനാൽ, സർവ്വകലാശാലയിലെ വൈസ് ചാൻസിലർ, രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവരുടെ ഔദ്യോഗിക സ്ഥാനം ഫയലുകളിലും ഔദ്യോഗിക രേഖകളിലും രേഖപ്പെടുത്തുന്നത് താഴെപ്പറയുന്ന പ്രകാരം ആയിരിക്കണമെന്ന് വൈസ് ചാൻസിലർ (i/c) ഉത്തരവായിരിക്കുന്നു.

1. **വൈസ് ചാൻസിലർ (i/c)**
2. **രജിസ്ട്രാർ (i/c)**
3. **ഫിനാൻസ് ഓഫീസർ (i/c)**
4. **കൺട്രോളർ ഓഫ് എക്സാമിനേഷൻസ് (i/c)**

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മനോജ് കുമാർ .കെ. എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. സർവ്വകലാശാല
6. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ഐ.ക്യൂ.എ.സി./CITAD
7. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ